കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 3455/2012/തസ്വഭവ തീയതി, തിരുവനന്തപുരം 14/12/2012.

===

പരാമർശം: 1) സ.ഉ(സാധ)നം.2738/12/തസ്വഭവ തീയതി 29.9.2012.

2) ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടറുടെ 16.8.2012ലെ ഐകെഎം/എൽഒബി ഇ&ക്യുഎ/സേവനപെൻഷൻ/15/12 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാപെൻഷൻ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പൂർണ്ണമായി കൈയ്യെഴുത്തായി പെൻഷൻ വിതരണം നടത്തുന്നതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണെന്നും, ഈ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും ഭേദഗതി വരുത്തുന്നതിനുമായി കമ്മിറ്റി രൂപീകരിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1) പ്രിൻസിപ്പൽ സെക്രട്ടറി - തദ്ദേശസ്വയംഭരണ വകുപ്പ്
2) ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5) ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം
6) ലാന്റ് റവന്യു കമ്മിഷണർ, തിരുവനന്തപുരം
7) ലേബർ കമ്മിഷണർ, തിരുവനന്തപുരം
8) എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജി. ശിവപ്രസാദ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ (Audit)/(A&E)/(LBA&A),Kerala, Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ